9-ാം വർഷം
2026
നവംബർ 1, 2026
പള്ളിക്കൂദാശ, ഒന്നാം ഞായർ

Laity Reflect on Syro-Malabar Sunday Mass SCRIPTURE READINGS

മരണമേ, സോദരീ...

പുറ. 33:1-11, ഏശ. 40:21-31, ഹെബ്രാ. 9:1-14, മത്താ. 25: 1-13

യുഗാന്ത്യത്തെക്കുറിച്ചു യേശു സംസാരിക്കുന്ന അപൂർവം അവസരങ്ങളിൽ ഒന്നാണ് ഇന്നത്തെ സുവിശേഷഭാഗത്തെ പത്തു കന്യകമാരുടെ ഉപമ. ജീവിതത്തിന്റെ അന്ത്യംവരെ ജാഗ്രതയോടെ ജീവിക്കേണ്ടതിന്റെ ആവശ്യകത ഈ ഉപമയിലൂടെ യേശു പറഞ്ഞുതരുന്നു. ഒലിവുമലയിൽ ഇരുന്നുകൊണ്ട് യേശു നടത്തുന്ന പ്രബോധനങ്ങളാണ് മത്തായിയുടെ സുവിശേഷം 24, 25 അധ്യായങ്ങളിൽ വിവരിക്കുന്നത്. സദാ ജാഗരൂകരായി ഇരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ പ്രാഭാഷണങ്ങളുടെ കാതലായ സന്ദേശം. കള്ളൻ ഏതു നിമിഷമാണ് വരുന്നതെന്ന് അറിഞ്ഞിരുന്നതെങ്കിൽ ഗൃഹനാഥൻ ഉണർന്നിരിക്കുകയും തന്റെ ഭവനം കവർച്ച ചെയ്യാൻ കൊടുക്കാതിരിക്കുകയും ചെയ്യുമായിരുന്നു എന്ന് കർത്താവ് പത്തു കന്യകകളുടെ ഉപമക്ക് തൊട്ടുമുൻപ് പറയുന്നുണ്ട്. യാത്ര പുറപ്പെടുന്നതിനു മുൻപ് താലന്തുകൾ തന്റെ ഭൃത്യന്മാരെ ഏല്പിച്ചിട്ടു പോകുന്ന യജമാനനെക്കുറിച്ചുള്ള ഉപമയാണ്, വിവേകമതികളായ കന്യകമാരുടെ ഉപമക്ക് ശേഷം യേശു പറയുന്നത്. താലന്തുകൾ വര്ധിപ്പിക്കാത്ത ഭൃത്യനെ പുറത്തു അന്ധകാരത്തിലേക്ക് തള്ളിക്കളയുന്ന പിതാവായ ദൈവത്തെ യേശു ഈ ഉപമയിലൂടെ കാട്ടിത്തരുന്നു. മരിച്ചു പോയവരെ അനുസ്മരിക്കുന്ന നവംബർ മാസത്തിൽ, ജീവിതാവസാനത്തിനായി വിവേകത്തോടെയും ഒരുക്കത്തോടെയും ഇരിക്കേണ്ടതിന് കുറിച്ചുള്ള പ്രബോധനം നമുക്ക് ജീവിതത്തിനു പുതിയ ഉൾക്കാഴ്ചയും, ജാഗ്രതയും, പ്രതീക്ഷയും നൽകുന്നതാണ്.

കല്യാണത്തിന് വൈകി എത്തുന്നവർ

വിളക്കിൽ നിറയെ എണ്ണ ഒഴിച്ച് മണവാളൻ വരുന്നത് വരെ കാത്തിരിക്കുക എന്നതാണ്

പി. വി. ബൈജു

വിവാഹത്തിന് താലമേന്തി നിൽക്കുന്ന കന്യകമാരുടെ ചുമതല. നമ്മുടെ നാട്ടിൽ കല്യാണത്തിന് ഒരേ പോലെയുള്ള വസ്ത്രമണിഞ്ഞു ബൊക്കെയും പിടിച്ചു കൊണ്ട് കല്യാണവേദിയിൽ വധുവിനെ അനുഗമിക്കുന്ന ബ്രൈഡ്സ് മെയ്ഡ് എന്ന് വിളിക്കുന്ന, വധുവിന്റെ തോഴികൾക്കു സമാനമാണ് യേശു പറയുന്ന പത്തു കന്യകമാർ. യേശുവിന്റെ ജീവിതകാലത്തു യഹൂദരുടെ ഇടയിലെ വിവാഹത്തിന്റെ ചടങ്ങുകൾ നടന്നിരുന്നത് രാത്രിയിലാണ്. വിളക്കുകളും പിടിച്ചുകൊണ്ടുള്ള വരന്റെ വിവാഹഘോഷയാത്ര ഗ്രാമങ്ങളിലൂടെ കടന്നു വധുവിന്റെ വീട്ടിൽ ചെല്ലുമ്പോഴേക്കും ചിലപ്പോൾ വിചാരിച്ചതിലും വൈകിയേക്കാം. അപ്പോഴെക്കെയും മണവാളൻ വരുന്നത് വരെ വധുവിന്റെ തോഴിമാർ, കത്തുന്ന വിളക്കുമായി വധുവിന് കൂട്ടിരിക്കേണ്ടതാണ്. പക്ഷെ കന്യകമാരായ പത്തു തോഴിമാരിൽ അഞ്ചു പേർക്ക്, മണവാളൻ വരാൻ വൈകുമെന്നും, അതിനാൽ അതുവരെ വിളക്കിലൊഴിക്കാൻ എണ്ണ കരുതണമെന്നുമുള്ള വിവേകം ഇല്ലായിരുന്നു. വിവേകമതികളായ അഞ്ചു തോഴിമാർ കൂടുതലായി എണ്ണ കരുതിയിരുന്നു. മണവാളൻ വരാൻ വൈകിയപ്പോഴേക്കും, വിവേകശൂന്യരായ തോഴിമാരുടെ വിളക്കിലെ എണ്ണ തീർന്നു പോയി. അവർ എണ്ണ വാങ്ങാൻ പോയപ്പോൾ മണവാളൻ എത്തി, വിവേകമതികളായ തോഴിമാരോടൊപ്പം വിവാഹവിരുന്നിനു അകത്തു പ്രവേശിച്ചു. വിവേകമതികളല്ലാത്ത അഞ്ചു പേർ എണ്ണ വാങ്ങി തിരിച്ചു വന്നപ്പോഴേക്കും വിവാഹസത്കാരത്തിന്റെ വാതിൽ അടച്ചു. വധുവിന്റെ കൂടെ ഒരേപോലുള്ള വസ്ത്രമണിഞ്ഞു തോഴിമാർ ആയി നില്ക്കാൻ വന്ന ചില സുഹൃത്തുക്കൾ, അവരുടെ മേക്കപ്പ് കഴിഞ്ഞു വന്നപ്പോഴേക്കും, ഇവിടെ കല്യാണത്തിന്റെ ചടങ്ങുകൾ ഒക്കെ കഴിഞ്ഞു എന്ന് വേണമെങ്കിൽ ഈ ഉപമയെ നമ്മുടെ കാലഘട്ടത്തിലക്ക് ഉദാഹരിച്ചു പറയാം. വധുവിന്റെ കൂടെ നിൽക്കേണ്ട തോഴിമാർക്കു, അവർക്കു അർഹമായ കല്യാണവിരുന്നിൽ പങ്കെടുക്കാൻ കഴിയാതെ പോയത് അവരുടെ ഒരുക്കകുറവ് കൊണ്ടാണ്. അന്ത്യവിധി ദിനത്തിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ മനുഷ്യന് കഴിയാതെ പോകുന്നത്, ഇഹലോകത്തിൽ ഒരുക്കത്തോടെ ജീവിക്കാത്തതു കൊണ്ടാണെന്നു യേശു വ്യക്തമാക്കുന്നു. 'അത് കൊണ്ട് ജാഗരൂകരായിരിക്കുവിൻ, ആ ദിവസമായ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല' (മത്താ 25:13) എന്ന് കർത്താവ് പറയുന്നു. ഒരു കല്യാണത്തിന് പോകുന്നതിനു മുൻപ് നമ്മളൊക്കെ എത്ര മാത്രം ഒരുക്കങ്ങളാണ് നടത്തുക. വരന്റേയോ വധുവിന്റെയോ അടുത്ത ആളായി, ഒരേ പോലത്തെ ഡ്രസ്സ് ഒക്കെ ഇട്ടു, അവരുടെ കൂടെ നിൽക്കാനാണെങ്കിൽ ഒരുക്കം കുറച്ചു കൂടി കൂടും. നാട്ടിലെ ഒരു കല്യാണത്തിന് പങ്കെടുക്കാൻ ഇത്രമാത്രം ഒരുങ്ങുന്ന നമ്മൾ ദൈവരാജ്യത്തിൽ സ്വർഗീയ വിരുന്നിൽ പങ്കെടുക്കാൻ എത്ര മാത്രം ഒരുങ്ങണമെന്നു കൂടി യേശു ഈ ഉപമയുടെ നമ്മോട് പറയുന്നു.

ഉള്ളിൽ കത്തുന്ന വിശുദ്ധിയുടെ വിളക്ക്

ആത്യന്തികമായി നമ്മുടെ ഉള്ളിൽ കത്തുന്ന വിശ്വാസത്തിന്റെയും നന്മയുടെയും വിളക്കിനെ കുറിച്ച് കൂടിയാണ് യേശു സൂചിപ്പിക്കുന്നത്. നിരന്തരമായ പ്രാർത്ഥന, ഭക്തികർമങ്ങള്, മറ്റുള്ളവരോടുള്ള കരുതൽ, ആന്തരികമായ പരിശുദ്ധി, ദാമ്പത്യത്തിലെ വിശ്വസ്തത, കുടുംബത്തിലെയും തൊഴിലിലേയും ഉത്തരവാദിത്വബോധം, സമൂഹത്തോടുള്ള പ്രതിബദ്ധത ഇങ്ങനെയുള്ള നിരവധി എണ്ണകൾ കൊണ്ട് ഉള്ളിൽ കത്തി നിൽക്കുന്ന നന്മയുടെ വിളക്ക് ഉണ്ട്. അതിനെ നിരന്തരം പരിപോഷിപ്പിക്കേണ്ടത് ആവശ്യമാണ്. അങ്ങനെ ഉള്ളിൽ അണയാതെ സൂക്ഷിക്കുന്ന പരിശുദ്ധിയുടെ വിളക്ക് സൂക്ഷിക്കുന്നവർക്കു മരണം ഏത് നേരത്തു വന്നാലും ഭയപ്പാടില്ല; അവർ സ്വർഗ്ഗരാജ്യത്തിലെ വിരുന്നിനു ക്ഷണിക്കപ്പെടും.

ജീവിതത്തെ പുഷ്ടിപ്പെടുത്തുന്ന എണ്ണയേന്തി നിൽകുമ്പോൾ നമ്മുടെ ജീവിതം മറ്റുള്ളവർക്ക് കൂടി പ്രകാശമാനമാകും. ജോലി സ്ഥലത്തും വീട്ടിലും, നാട്ടിലും കരുതലിന്റെയും, പ്രത്യാശയുടെയും, ഉത്സാഹത്തിന്റെയും, ഉത്തരവാദിത്വത്തിന്റെയും എണ്ണയാണത്. നമ്മുടെ ജീവനെ ഉള്ളിൽ നിന്നും പ്രോജ്വലമാക്കുന്ന ഊർജമാണത്. ദൈവീകമായ അനുഗ്രഹത്താൽ ദീപ്തമായി നിൽക്കുന്ന ഉൾപ്രകാശമാണത്. ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും എന്ന് ഇന്നത്തെ വായനയിലൂടെ ഏശയ്യാ പ്രവാചകൻ നമ്മോട് പറയുന്നു. തളർന്നവന് അവിടുന്നു ബലം നൽകുന്നു, ദുർബലന് ശക്തി പകരുകയും ചെയ്യുന്നു.

നമ്മുടെ സഭയിലെ മരണാനന്തര ചടങ്ങുകളിലെ പ്രാർത്ഥനകളും പാട്ടുകളും എത്ര മനോഹരമായാണ് ജീവിതത്തിലെ നിതാന്ത ജാഗ്രതയെകുറിച്ചു പറയുന്നത്.

മരണം വരുമൊരുനാൾ
ഓർക്കുക മർത്യാ നീ
കൂടെപോരും നിൻ ജീവിതചെയ്തികളും
സാൽകൃത്യങ്ങൾ ചെയ്യുക
നീ മടികൂടാതെ.

എന്ന് ഓരോ മരണാന്തര ചടങ്ങുകളിലും നമ്മൾ കേൾക്കുന്നതാണ്. നമ്മൾ ഇത് ഓർക്കാതെ പോകുന്നത് കൊണ്ടാണ്, മങ്ങിയൊരന്തി വെളിച്ചത്തിൽ ചെന്തീ പോലൊരു മാലാഖ വിണ്ണിൽ നിന്നെൻ മരണത്തിന് സന്ദേശവുമായി വന്നപ്പോൾ കേട്ട് നടുങ്ങിയത്. അപ്പോൾ ഞാൻ മനമിളകി, മിഴിനീർ തൂകി ചോദിച്ചു, ഞാനൊരു നിമിഷം ഒരുങ്ങട്ടെയെന്ന്. എന്റെ വിളക്കിലെ എണ്ണ തീർന്നു, ഉള്ളിലെ നന്മ വറ്റിയിരിക്കയാണ് കുറച്ചു നല്ല കാര്യങ്ങൾ ചെയ്യാൻ സമയം തരൂ, കുറച്ചു പേരോട് കൂടി ക്ഷമിക്കാൻ സമയം തരൂ, എന്നിങ്ങനെ ചോദിച്ചത്. പക്ഷെ മരണത്തിന്റെ ദൂതൻ എന്റെ പ്രാർത്ഥന കേട്ടില്ല. ഞാൻ ആ നിമിഷം വരെ ജീവിച്ചതിന്റെ പ്രതിഫലം വാങ്ങാനായി പുറപ്പെട്ടു പോയി.

മരണത്തെ കുറിച്ചുള്ള നിരവധിയായ കഥകളിൽ ഒന്ന് ഇങ്ങനെയാണ്. ഒരു സെമിത്തേരിയിൽ രണ്ട് കല്ലറകൾ അടുത്തടുത്ത് ഇരിക്കുന്നു. ഒന്നിൽ അടക്കം ചെയ്തിട്ടുള്ളത് പ്രശസ്തനയ ഒരു മിലിട്ടറി ജനറലിനെയാണ്. അദ്ദേഹം വഹിച്ച സ്ഥാനമാനങ്ങളെക്കുറിച്ചും, നേട്ടങ്ങളെക്കുറിച്ചും കല്ലറയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൊട്ടടുത്ത കല്ലറ ഒരു സാധാരണക്കാരി സ്ത്രീയുടേതാണ്. അതിൽ ഒരു വാചകം മാത്രമേ എഴുതിയിട്ടുള്ളൂ, 'അവർ കണ്ടുമുട്ടിയവർക്കെല്ലാം സന്തോഷം നൽകി'.

ജീവിച്ചിരിക്കുമ്പോൾ നമ്മൾ നേടിയ നേട്ടങ്ങളെക്കാളുപരി, മനുഷ്യർ ഓർത്തിരിക്കുന്നത്, ഒരു മനുഷ്യൻ ബാക്കി വെച്ചുപോയ സ്നേഹവും, കരുണയും സമാധാനവുമാണെന്നു ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരനായ

ഓസ്കർ വൈൽഡ് ഒരിക്കൽ പറഞ്ഞ വാചകം പ്രശസ്തമാണ്. ചിലർ ചെല്ലുന്നിടത്തെല്ലാം സന്തോഷം കൊണ്ടുവരും. പക്ഷെ വേറെ ചിലർ, ഒരിടത്ത് നിന്ന് പോകുമ്പോൾ സന്തോഷം കൊണ്ടുവരും. ഇതേ വാചകം ചില ഓഫീസുകളുടെ മുൻപിൽ എഴുതി വെച്ചിരിക്കുന്നത് ഇങ്ങനെയാണ്, 'ഈ മുറിയിൽ വരുന്ന എല്ലാവരും സന്തോഷം കൊണ്ടുവരുന്നു; ചിലർ ഈ മുറിയിലേക്ക് വരുമ്പോൾ, വേറെ ചിലർ ഇവിടുന്ന് പോകുമ്പോൾ'.

ചിലർ നമ്മുടെ അടുത്ത് നിന്നും പെട്ടന്ന് പോകാൻ നമ്മൾ ആഗ്രഹിക്കും, വേറെ ചിലരോ, ഒരിക്കലും നമ്മുടെ അടുത്ത് നിന്ന് പോകല്ലേയെന്നും നമ്മൾ ആഗ്രഹിക്കുന്നു. നമ്മുടെ കൂടെ എപ്പോഴും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരുടെ മരണം, ചിലപ്പോൾ, നമുക്ക് വ്യക്തിപരമായി പരിചിതർ അല്ലെങ്കിൽ പോലും, നമ്മുടെ ഉള്ളിൽ നൊമ്പരം ഉണർത്തുന്നതാണ്.

ഈ ഭൂമിയിൽ ടെന്റ് കെട്ടി താമസിക്കുന്നവർ

പഴയ നിയമത്തിലെ ഏറ്റവും വലിയ പ്രയാണം, ഇസ്രായേൽ ജനത ഈജിപ്തിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ട കാനാൻ ദേശത്തെക്കുള്ള തീർഥയാത്രയാണ്. നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗരാജ്യത്തിലേക്കുള്ള യാത്രയാണ് ഈ ഭൂമിയിലെ നമ്മുടെ ജീവിതം. ഇന്നത്തെ ലേഖനഭാഗത്ത്, വിശുദ്ധ പൗലോസ്ശ്ലീഹ കൂടാരത്തിലെ വിശുദ്ധ സ്ഥലത്തെ കുറിച്ച് വിവരിക്കുന്നുണ്ട്. പുറപ്പാടിന്റെ പുസ്തകത്തിൽ നിന്നുള്ള ഇന്നത്തെ വായനയിലും സമാഗമ കൂടാരത്തെകുറിച്ചാണ് പ്രതിപാദിക്കുന്നത്. ഇസ്രായേൽ ജനതയുടെ പുറപ്പാട് യാത്രയിൽ താൽക്കാലികമായി സ്ഥാപിക്കപ്പെട്ട കൂടാരത്തിലെ വിശുദ്ധ സ്ഥലത്തിന് സമാനമാണ്, ഈ ഭൂമിയിലെ നമ്മുടെ ജീവിതവും. വെക്കേഷന് യാത്രകളുടെ ഭാഗമായി ടെന്റ് അടിച്ചു താമസിക്കുന്നത് വിദേശരാജ്യങ്ങളിൽ പതിവാണ്; നമ്മുടെ നാട്ടിലും ടെന്റ് ക്യാമ്പിംഗ് ഇപ്പോൾ പ്രചാരംനേടി വരുന്നുണ്ട്. കൂടാരം അല്ലെങ്കിൽ ടെന്റ് അടിച്ചു താമസിക്കുന്നത്, സ്ഥിരതാമസത്തിനല്ല; അത് താൽക്കാലിക വാസത്തിന്

മാത്രമുള്ളതാണ്. ഈ ഭൂമിയിലെ നമ്മുടെ ജീവിതവും താൽകാലിക കൂടാരത്തിലെ വാസം മാത്രമാണെന്ന് കൂടി ഈ ലേഖനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. കൂടാരത്തിലെ വിശുദ്ധസ്ഥലം കാത്ത് സൂക്ഷിച്ചത് പോലെ നമ്മളെത്തന്നെ പരിശുദ്ധരായി സൂക്ഷിക്കാനുള്ള ആഹ്വാനവും ഇതിലുണ്ട്.

മഹാനായ അലക്സാണ്ടർ ചക്രവർത്തി യുദ്ധം ചെയ്ത് അന്യരാജ്യങ്ങൾ വെട്ടിപ്പിടിച് തിരിച്ചു വരുന്ന വഴി മരണാസന്നനായി. അവസാനമായി തന്റെ അമ്മയെ കാണാൻ ആഗ്രഹിച്ചെങ്കിലും അനുദിനം വഷളായി വരുന്ന തന്റെ രോഗാവസ്ഥയിൽ അത് സാധ്യമല്ലെന്നു അദ്ദേഹത്തിന് മനസിലായി. തന്റെ അവസാന ശ്വാസത്തിന് മുൻപായി അദ്ദേഹം തന്റെ ജനറൽമാരെ വിളിച്ചു അവസാന മൂന്നു ആഗ്രഹങ്ങൾ പറഞ്ഞു. ഒന്നാമതായി ഡോക്ടർമാർ തന്റെ ശവപ്പെട്ടി ചുമക്കണം. ഒന്ന് നിറുത്തി രണ്ടാമത്തെ ആഗ്രഹം പറഞ്ഞു, കല്ലറയിലേക്കുള്ള വഴി മുഴുവൻ സ്വർണവും വെള്ളിയും രത്നങ്ങളും കൊണ്ട് വിതറണം. മൂന്നമതായി രണ്ടു കൈകളും ശവപ്പെട്ടിക്കു പുറത്തേക്കു ഇടണം. വിചിത്രമായ ഈ മൂന്നു ആഗ്രഹങ്ങൾ കേട്ട പട്ടാളമേധാവികൾക്കു എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ ചെയ്യേണ്ടത് എന്ന് മനസിലായില്ല. ഒടുവിൽ ധൈര്യം സംഭരിച്ചു മുതിർന്ന ഒരു ജനറൽ ചക്രവർത്തിയോട് ചോദിച്ചപ്പോൾ അദ്ദേഹം ഈ മൂന്നു ആഗ്രഹങ്ങളുടെയും പിറകിലെ കാരണങ്ങൾ പറഞ്ഞു. തന്നെ ചികിൽസിച്ച ഡോക്ടർമാർ തന്നെ ചുമക്കണമെന്നു പറഞ്ഞതിന്റെ കാരണം, എത്ര ചികിൽസിച്ചാലും മരണം എന്ന യാഥാർഥ്യം സുനിശ്ചിതമാണെന്നു മനുഷ്യരെ ബോധ്യപ്പെടുത്താനാണ്. താൻ യുദ്ധം ചെയ്തു നേടിയെടുത്ത സ്വർണത്തിന്റെയും രത്നത്തിന്റെനയും ഒരംശം പോലും മരണശേഷം കൊണ്ടുപോകുന്നില്ല എന്ന് മനസ്സിലാക്കാനാണ് അവയൊക്കെ വഴിയിൽ വിതറുവാൻ ആവശ്യപ്പെടുന്നത്. താൻ വെറും കയ്യോടെ ഈ ഭൂമിയിലേക്ക് വന്നു, വെറും കയ്യോടെ തന്നെ തിരിച്ചു പോകുന്നു എന്ന് ലോകത്തിനു ബോധ്യപ്പെടുത്താനാണ് രണ്ടു കൈകളും ശവപ്പെട്ടിയുടെ പുറത്തേക്കു ഇടാൻ ആവശ്യപ്പെടുന്നത്.

നമ്മൾ നമുക്ക് വേണ്ടി ചെയ്യുന്നതൊക്കെ മരണത്തോടെ തീരുന്നു, എന്നാൽ നമ്മൾ മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്നതോ കലാകാലത്തോളം ജീവിക്കുന്നു. എന്തു സമ്പത്തു നേടിയാലും, അത് മറ്റുള്ളവരുമായി പങ്കിട്ടില്ലെങ്കിൽ, അർഥമില്ലാത്തത് ആയിത്തീരുമെന്നു കൂടി അലക്സാണ്ടർ ചക്രവർത്തിയുടെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു.

അനിശ്ചിതത്വങ്ങളുടെ ഇടയിലൂടെയാണ് നമ്മുടെ ജീവിതം കടന്നുപോകുന്നത്. നമ്മുടെ ഇടയിൽ സജീവമായി ജീവിച്ചിരുന്നവർ പെട്ടന്ന് മരിച്ചു പോകുന്ന വാർത്തകൾ നമ്മൾ ഇടയ്ക്കിടെ കേൾക്കുന്നു. ജീവിതം എത്ര ക്ഷണികമാണെന്ന് നമ്മൾ പലപ്പോഴും ഓർത്തുപോകുന്നു. എത്ര പരിമിതികൾക്കു നടുവിലും ഒരു പ്രഭാതം കൂടി കാണാൻ പറ്റിയത് തന്നെ ഭാഗ്യവും അനുഗ്രഹവുമാണ്. ഈ ഭൂമിയിൽ നമ്മോടൊപ്പം ജനിച്ച പലരും ഇന്ന് ജീവിച്ചിരിപ്പില്ല. എനിക്ക് കിട്ടിയ ഈ ജീവിതത്തിലെ ഓരോ ദിനവും അത്രമേൽ ഒരുക്കത്തോടെയും, ജാഗ്രതയോടെയും ജീവിച്ചു തീർക്കാൻ ഇന്നത്തെ ബൈബിൾ വിചിന്തനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

(കാനഡായിൽ സോഷ്യൽ വർക് പ്രൊഫസറും ഗ്രന്ഥകാരനുമാണു ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com